# സദ്വർത്തമാന കഥാപുസ്തകം

## മൂന്ന്





ഇതെന്റെ സദ്വർത്തമാന കഥാപുസ്തകം മൂന്ന്

എന്റെ പേര്

---

മൂന്നാമത്തെ സദ്വർത്തമാന കഥാപുസ്തകം

എനിക്ക് വായിക്കുവാൻ സാധിക്കും

സൃഷ്ടാവാം ദൈവത്തിന്റെ വിശുദ്ധ പുസ്തകത്തിൽ നിന്നുള്ളതാണ് ഈ കഥകൾ.

ഇതിലുള്ള എല്ലാ ചിത്രങ്ങളും വരച്ചത് ഭാരതത്തിലെ ഗോത്ര വർഗ്ഗത്തിലുള്ള കുട്ടികളാണ്. സദ്വർത്തമാന കഥാപുസ്തകം മൂന്ന്. പകർപ്പവകാശം 2013. ഭാരതത്തിൽ അച്ചടിച്ചത്. അന്വേഷണങ്ങൾ അയക്കേണ്ട വിലാസം:
WBTC India, P.O. Box 8478, Bangalore 560084. Email: info@wbtcindia.com





ദുഷ്ടനായ രാജാവ്.........................................2-27

ആട്ടിടയനായ ബാലൻ.................................28-32

# ദുഷ്ടനായ രാജാവ്

വളരെ വർഷങ്ങൾ കഴിഞ്ഞു.

അബ്രഹാമിന്റെ മക്കളും, അവരുടെ മക്കളും, അവരുടെ മക്കളും മക്കളുടെ മക്കളും, സൃഷ്ടാവാം ദൈവത്തിനു പാടുന്നതു ഞാൻ കാണുന്നു.





കുട്ടികൾ പറയുന്നത് ഞാൻ കേൾക്കുന്നു, 'സൃഷ്ടാവാം ദൈവമെ, ദയവായി ഞങ്ങളെ രക്ഷിക്കണെ.'

ദുഷ്ടനായ ഒരു രാജാവിനെ
ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവത്തിനു
പാടുന്നവരെയെല്ലാം ആ
ദുഷ്ടനായ രാജാവ് വെറുക്കുന്നു.







മറ്റൊരു മനുഷ്യനെ ഞാൻ കാണുന്നു.

അദ്ദേഹത്തിന്റെ പേര് മോശ.

മോശ സൃഷ്ടാവാം
ദൈവത്തിനു പാടുന്നു.

മോശ തീ കത്തുന്ന വൃക്ഷത്തെ
നോക്കുന്നതു ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം തീയിൽ നിന്നു
പറയുന്നതു ഞാൻ കേൾക്കുന്നു,

‘മോശേ, ദുഷ്ടനായ രാജാവിനോടു
പറയൂ, സൃഷ്ടാവാം ദൈവം പറഞ്ഞു,
“എന്റെ ജനത്തെ സ്വതന്ത്രരാക്കി വിടൂ!”’








മോശയ്ക്കു ഒരു സഹോദരനുണ്ട്.

അദ്ദേഹത്തിന്റെ പേര് അഹരോൻ.

മോശയും അഹരോനും ദുഷ്ടനായ
രാജാവിന്റെയടുത്തേയ്ക്കു
പോകുന്നതു ഞാൻ കാണുന്നു.

മോശ ദുഷ്ടനായ രാജാവിനോടു
പറയുന്നതു ഞാൻ കേൾക്കുന്നു,

‘സൃഷ്ടാവാം ദൈവം പറഞ്ഞു,
“എന്റെ ജനത്തെ സ്വതന്ത്രരാക്കി വിടൂ!”’







ദുഷ്ടനായ രാജാവു പറയുന്നതു
ഞാൻ കേൾക്കുന്നു, ‘സൃഷ്ടാവാം
ദൈവത്തിനു പാടുന്ന ജനത്തെ ഞാൻ
സ്വതന്ത്രരാക്കി വിടുകയില്ല.’

സ്രഷ്ടാവാം ദൈവം പറയുന്നതു
ഞാൻ കേൾക്കുന്നു,
‘അഹരോനെ, നിന്റെ ഊന്നുവടി
താഴെ എറിയുക.’

അഹരോൻ തന്റെ ഊന്നുവടി തഴേക്കു
എറിയുന്നതു ഞാൻ കാണുന്നു.







അഹരോന്റെ ഊന്നുവടി ഒരു
പാമ്പായി മാറുന്നതു ഞാൻ കാണുന്നു.

അതു ചീറ്റുന്നു...ചീറ്റുന്നു...ചീറ്റുന്നു.

ദുഷ്ടനായ രാജാവ് അവന്റെ
മന്ത്രവാദികളോടു പറയുന്നതു
ഞാൻ കേൾക്കുന്നു,

‘നിങ്ങളുടെ ഊന്നുവടികൾ
താഴേക്കു എറിയുക.’

മന്ത്രവാദികൾ അവരുടെ
ഊന്നുവടികൾ തഴേക്കു
എറിയുന്നതു ഞാൻ കാണുന്നു.







മന്ത്രവാദികളുടെ ഊന്നുവടികൾ
പാമ്പുകളായി മാറുന്നതു
ഞാൻ കാണുന്നു.



അവ ചീറ്റുന്നു...ചീറ്റുന്നു...ചീറ്റുന്നു.



അഹരോന്റെ പാമ്പ്
മന്ത്രവാദികളുടെ പാമ്പുകളെ
തിന്നുന്നത്...തിന്നുന്നത്...തിന്നുന്നത്...
ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം എറ്റവും
ബലവാനാകുന്നു!










മോശ പറയുന്നതു ഞാൻ
കേൾക്കുന്നു,

‘സൃഷ്ടാവാം ദൈവം പറഞ്ഞു,
“എന്റെ ജനത്തെ
സ്വതന്ത്രരാക്കി വിട്ടു!”’

ദുഷ്ടനായ രാജാവു പറയുന്നതു
ഞാൻ കേൾക്കുന്നു,
‘സൃഷ്ടാവാം ദൈവത്തിനു
പാടുന്ന ജനത്തെ ഞാൻ
സ്വതന്ത്രരാക്കി വിടുകയില്ല.’

ദുഷ്ടനായ രാജാവിനോടു മോശ
പറയുന്നതു ഞാൻ കേൾക്കുന്നു,

'ഇന്നു രാത്രി എല്ലാ കുടുബത്തിലെയും
ആദ്യജാതരായ ആൺകുട്ടികൾ
മരിക്കും.'







സൃഷ്ടാവാം ദൈവം പറയുന്നതു
ഞാൻ കേൾക്കുന്നു,

'മോശേ, എനിക്കു പാടുന്ന എന്റെ
ജനത്തോടു ഒരു ആട്ടിൻകുട്ടിയെ
യാഗം കഴിക്കാൻ പറയൂ.

ആട്ടിൻകുട്ടിയുടെ രക്തം
വീടുകളുടെ കതകിന്റെ
മേൽപ്പടികളിൽ പുരട്ടുക.

ഞാൻ ആ രക്തം കാണുമ്പോൾ
എന്റെ ജനം മരിക്കയില്ല.'

സൃഷ്ടാവാം ദൈവത്തിനു പാടുന്ന
ജനമെല്ലാം ആട്ടിൻകുട്ടിയുടെ രക്തം
വീടുകളുടെ കതകിന്റെ
മേൽപ്പടികളിൽ പുരട്ടി.







ആ രാത്രിയിൽ സൃഷ്ടാവാം
ദൈവത്തിനു പാടാത്ത എല്ലാ
കുടുബത്തിലെയും ആദ്യജാതരായ
ആൺകുട്ടികൾ മരിച്ചു.

ആ രാത്രിയിൽ സൃഷ്ടാവാം
ദൈവത്തിനു പാടുന്ന എല്ലാ
കുടുബത്തിലെയും ആദ്യജാതരായ
ആൺകുട്ടികൾ ജീവനോടിരുന്നു.

ആ രാത്രിയിൽ സൃഷ്ടാവാം
ദൈവത്തിനു പാടുന്ന എല്ലാ
ജനത്തെയും ദുഷ്ടനായ രാജാവു
സ്വതന്ത്രരാക്കി വിട്ടു.

സൃഷ്ടാവാം ദൈവം എറ്റവും
ബലവാനാകുന്നു!





സമയം കടന്നുപോയി.

ദുഷ്ടനായ രാജാവു പറയുന്നതു
ഞാൻ കേൾക്കുന്നു,
‘സൃഷ്ടാവാം ദൈവത്തിനു പാടുന്ന
ജനത്തിന്റെ പുറകെ ചെന്ന് ഞാൻ
അവരെ കൊല്ലും.’

വേഗമാകട്ടെ, ദുഷ്ടനായ രാജാവും
അവന്റെ സൈന്യങ്ങളും വരുന്നു...

മോശയും സൃഷ്ടാവാം ദൈവത്തിനു
പാടുന്ന ജനവും ഒരു വലിയ, വലിയ,
വലിയ, നദിക്കരികെ നിൽക്കുന്നതു
ഞാൻ കാണുന്നു.

വേഗമാകട്ടെ, ദുഷ്ടനായ രാജാവും
അവന്റെ സൈന്യങ്ങളും വരുന്നു...







മോശ പറയുന്നതു ഞാൻ കേൾക്കുന്നു,

‘സൃഷ്ടാവാം ദൈവം വലിയ, വലിയ,
നദിയിൽക്കൂടി ഒരു വഴി ഒരുക്കും.

സൃഷ്ടാവാം ദൈവം നമ്മളെ
രക്ഷിക്കും.’

സൃഷ്ടാവാം ദൈവം ആ വലിയ,
വലിയ, വലിയ, നദിയിലെ
വെള്ളം വിഭാഗിച്ചു.

മോശയും, സൃഷ്ടാവാം ദൈവത്തിനു
പാടുന്ന ജനവും ആ വലിയ,
വലിയ, വലിയ നദിയിലൂടെ നടന്നു
പോകുന്നതു ഞാൻ കാണുന്നു!







ദുഷ്ടനായ രാജാവും അവന്റെ
സൈന്യങ്ങളും വലിയ,വലിയ,
വലിയ നദിയിലൂടെ പിന്തുടരുന്നതു
ഞാൻ കാണുന്നു.

ദുഷ്ടനായ രാജാവിനെയും അവന്റെ
സൈന്യങ്ങളെയും വെള്ളം മൂടുന്നതു
ഞാൻ കാണുന്നു.

ദുഷ്ടനായ രാജാവും അവന്റെ
സൈന്യങ്ങളും മരിച്ചു.







മോശയും സ്രഷ്ടാവാം
ദൈവത്തിനു പാടുന്ന
ജനവും സ്വതന്ത്രരായതു
ഞാൻ കാണുന്നു.

സ്രഷ്ടാവാം ദൈവം എറ്റവും
ബലവാനാകുന്നു!

# ആട്ടിടയനായ ബാലൻ



ആട്ടിടയനായ ഒരു
ബാലനെ ഞാൻ
കാണുന്നു.

അവന്റെ പേര് ദാവീദ്.

ദാവീദ് അബ്രഹാമിന്റെ
കുടുബത്തിൽനിന്നുള്ളതാണ്.

വളരെ വർഷങ്ങൾ കഴിഞ്ഞു.

ദാവീദ്, ആട്ടിടയനായ ബാലൻ
ഇപ്പോൾ രാജാവാകുന്നു.









ദാവീദ് രാജാവ് സ്രഷ്ടാവാം
ദൈവത്തിന് പാടുന്നതു
ഞാൻ കേൾക്കുന്നു.

'സ്രഷ്ടാവാം ദൈവമെ,
നീ എനിക്ക് എല്ലാമാകുന്നു.

സ്രഷ്ടാവാം ദൈവമെ,
നീ എനിക്ക് ജീവൻ നൽകി.

സൃഷ്ടാവാം ദൈവമെ, നീ
എനിക്ക് സമാധാനം നൽകി.

സൃഷ്ടാവാം ദൈവമെ,
നീ എന്നെ രക്ഷിക്കുന്നു.

സൃഷ്ടാവാം ദൈവമെ,
നീ എന്നെ കാത്തു
സൂക്ഷിക്കുന്നു.











സൃഷ്ടാവാം ദൈവമെ,
നീ എന്നെ സ്നേഹിക്കുന്നു.

സൃഷ്ടാവാം ദൈവമെ, നീ
എന്നേയ്ക്കും, എന്നുമെന്നേയ്ക്കും
എന്റെ കൂടെയുണ്ട്.'

സ്രഷ്ടാവാം ദൈവം ദാവീദ്
രാജാവിനോടു പറയുന്നതു
ഞാൻ കേൾക്കുന്നു,

‘നിന്റെ കുടുംബത്തിലൂടെ
എല്ലാവരെയും എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും ഞാൻ
വീണ്ടെടുക്കും.’

സ്രഷ്ടാവാം ദൈവം വരുന്നു.

